കേരളസർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2017 ഏപ്രിൽ 20 വ്യാഴം

# മോട്ടോർ ബോട്ട് ആവശ്യമുണ്ട്

ആലപ്പുഴ: ഹോമിയോപ്പതി വകുപ്പിന്റെ ചമ്പക്കുളം, ഹരിപ്പാട്, എന്നീ ഫ്ളോട്ടിങ് ഹോമിയോ ഡിസ്പെൻസറികൾക്കായി 15 ടണ്ണേജിൽ കൂടുതലുള്ള മോട്ടോർ ബോട്ട് ലഭ്യമാക്കാൻ ദർഘാസ് ക്ഷണിച്ചു.വിശദവിവരത്തിനും ടെണ്ടർ ഫോമിനും ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെടണം. ദർഘാസ് മെയ് നാലിനു രാവിലെ 11 വരെ സ്വീകരിക്കും. വിശദവിവരത്തിന് ഫോൺ: 0477- 2262609.

(പി.എൻ.എ. 874/17)

# സർട്ടിഫിക്കറ്റ് കൈപ്പറ്റണം

ആലപ്പുഴ:പുറക്കാട് ഗവൺമെന്റ് ഐ.ടി.ഐ.യിൽ നിന്ന് 2011 അഡ്മിഷൻ മുതൽ 2016 വരെയുള്ള കാലയളവിൽ അഖിലേന്ത്യാ പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ചവരും എന്നാൽ എൻ.ടി.സി കൈപ്പറ്റിയിട്ടില്ലാത്തവരുമായ ട്രെയിനികൾ ഐ.ടി.ഐ. ഓഫീസിൽ നിന്ന് സർട്ടിഫിക്കറ്റുകൾ കൈപ്പറ്റണം. വിശദവിവരത്തിന് ഫോൺ 0477-2298118.

(പി.എൻ.എ. 875/17)

## ഗ്രീൻ പ്രോട്ടോകോൾ

# ജില്ലയിലെ കാറ്ററിങ്, കൺവെൻഷൻ സെന്റർ, ഹോട്ടൽ പ്രതിനിധികളുടെ യോഗം ഇന്ന്

ആലപ്പുഴ: ഹരിതകേരളം മിഷന്റെ ഭാഗമായി ഹരിതനിയമാവലി അഥവാ ഗ്രീൻ പ്രോട്ടോകോൾ വന്ന ആശയപ്രചാരണത്തിനും ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കുന്നതിനുമായി ജില്ലാ ഭരണകൂടം ഒരുങ്ങുന്നു. പൊതുപരിപാടികൾ കൂടുതലായി നടക്കുന്ന കൺവെൻഷൻ സെന്ററുകൾ, കല്യാണമണ്ഡപങ്ങൾ എന്നിവയുടെ അസോസിയേഷൻ ഭാരവാഹികളുടേയും ജില്ലയിലെ കാറ്ററിങ് അസോസിയേഷൻ ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ, വിവിധ ക്ലബുകൾ എന്നിവയുടെ പ്രതിനിധികളുടെ

യോഗം കളക്ട്രേറ്റിനാണ് ചേരുക. ഇന്ന് (ഏപ്രിൽ 21) വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിലാണ് യോഗം.

(പി.എൻ.എ. 876/17)

## ജില്ലാ വികസനസമിതി യോഗം 29ന്

ആലപ്പുഴ: ജില്ലയിലെ വികസന പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുന്നതിനുള്ള ഈ മാസത്തെ ജില്ലാ വികസന സമിതി യോഗം ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റിലെ കോൺഫറൻസ് ഹാളിൽ ഏപ്രിൽ 29ന് രാവിലെ 11ന് നടക്കും. മുന്നൊരുക്ക യോഗം രാവിലെ 10.30ന് ചേരും.

(പി.എൻ.എ. 877/17)

## ഭവനപദ്ധതി:പണി പൂർത്തിയാക്കാത്ത വീടുകളുടെ വിശദാംശങ്ങൾ നൽകണം

വിവിധ സർക്കാർ പദ്ധതികളിൽ ധനസഹായം ലഭിച്ച് പണിപൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം സാധ്യമാക്കണമെന്ന് ലൈഫ് മിഷൻ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. ഇതിനെത്തുടർന്ന് അതത് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം, വീട് അനുവദിച്ച വർഷം, ധനസഹായം ലഭ്യമാക്കിയ ഘട്ടം, എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ, ഭവന പൂർത്തീകരണത്തിനുള്ള കർമ്മ പദ്ധതി എന്നിവ തയ്യാറാക്കി വകുപ്പുമേധാവികൾ 29ന് നടക്കുന്ന ജില്ലാ വികസന സമിതി യോഗത്തിൽ അവതരിപ്പിക്കണമെന്ന് ജില്ലാ പ്ലാനിങ് ഓഫീസർ അറിയിച്ചു. തയ്യാറാക്കിയിട്ടുള്ള വിവരങ്ങൾ പ്രത്യേകം പട്ടികയാക്കി 26ന് മുമ്പായി ജില്ലാ പ്ലാനിങ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(പി.എൻ.എ. 878/17)

//അവസാനിച്ചു//